ചെയ്യാവുന്നതാണെന്ന് 21-3-2021-ൽ സർക്കാരിനെ അറിയിക്കുകയും പുനർവിന്യാസത്തിനായി സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാകുമോ എന്ന് സർക്കാർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

337(1322) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും അറിയിക്കാമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ

338(1323) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മാതൃകാ മൃഗസംരക്ഷണ ഗ്രാമ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കാമോ?

മാതൃകാ മൃഗസംരക്ഷണ ഗ്രാമ പദ്ധതി വഴി മൃഗസംരക്ഷണ മേഖലയിലെ തദ്ദേശീയമായി രൂപപ്പെട്ട് വരുന്ന പ്രോജക്ടുകൾക്ക് വകുപ്പിന്റെ ധനസഹായമായ 5 ലക്ഷം രൂപ വീതം നൽകുന്നു. ടി പദ്ധതിയിലേയ്ക്ക് അതത് പഞ്ചായത്തുകൾക്ക് വേണമെങ്കിലും വിഹിതം നൽകാം. പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ എന്നിങ്ങനെ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികളാണ് മാതൃകാ മൃഗസംരക്ഷണ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(ബി) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 14 പഞ്ചായത്തുകളിൽ മാതൃക മൃഗസംരക്ഷണ ഗ്രാമ പദ്ധതി നടപ്പിലാക്കുന്നു. 14 പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപ നൽകുന്നു. അതത് പഞ്ചായത്തിന് കീഴിലുള്ള മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ പ്രോജക്ട് രൂപീകരിച്ച് ജില്ല അദ്ധ്യക്ഷന്റെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly